## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 22.05.2024 മുതൽ 26.05.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 21/2024 (41) ചൊവ്വാഴ്ച | തീയ്യതി 21/05/2024 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| **കാലാവസ്ഥാ ഘടകങ്ങൾ** | **22.05.2024** | **23.05. 2024** | **24.05.2024** | **25.05. 2024** | **26.05.2024** |
| മഴ (മില്ലി മീറ്റർ) | 30 | 30 | 40 | 20 | 12 |
| ഉയർന്ന താപനില (°C) | 29 | 31 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 100 | 100 | 100 | 100 | 100 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 4 | 18 | 12 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 160 | 270 | 320 | 320 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: 2024 മെയ് 21 മുതൽ 25 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും, മണിക്കൂറിൽ 30 മുതൽ 40 കി.മീ വേഗതയിൽ ശക്തമായ കാറ്റും അനുഭവപ്പെടാൻ സാധ്യതയുണ്ട്.

ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും SMS:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. കൃഷിയിടങ്ങളിൽ വേണ്ടത്ര നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | തൂമ്പുകളും പുറം ബണ്ടുകളും ശക്തമാക്കുക, നെൽകൃഷിക്കായുള്ള കൂനയെടുക്കൽ , വിത്ത് ശേഖരിച്ചുവെക്കുക. |
| നെല്ല് (വിരിപ്പ്) | പരിപാലനം | നെൽകൃഷിക്കായി പാടം ഒരുക്കൽ ആരംഭിക്കാം |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈ ഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കുമ്പോലക്ക ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |
| കുരുമുളക് | ദ്രുതവാട്ട പ്രതിരോധം | ഒരു ശതമാനം ബോർഡോ മിശ്രിതം അല്ലങ്കിൽ 20 ഗ്രാ0 സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക |
| ജാതി | നടീൽ | ഗ്രാഫ്ട് ചെയ്ത തൈകൾ 90 x 90 x 90 cm അളവിലുള്ള കുഴികളിൽ മേല്മണ്ണും കമ്പോസ്റ്റും ചേർന്ന മിശ്രിതം നിറച്ചിട്ട് നടുക. വശ്യമുള്ളിടങ്ങളിൽ തണൽ മരങ്ങൾ കൂടി വെച്ച് പിടിപ്പിക്കുക. |

മൃഗസംരക്ഷണം-: കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. ചെള്ള്, ഈച്ച, പേൻ തുടങ്ങിയ ബാഹ്യപരാധങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. തൊഴുത്തിലോ, പരിസരത്തോ എലി ശല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും കർഷകർക്കും ഒരുപോലെ മാരകമാണ്. (CAADECCS, KVASU, Mannuthy).